(ഡി) എങ്കിൽ സംസ്ഥാന് സർക്കാരിന് ഭീമമായ നഷ്ടം വരുത്തിയ കരാറുകാരനെതിരെ നടപടി സ്വീകരിക്കുമോ;

(ഇ) നിലവിലെ തടസ്സങ്ങൾ ദൂരീകരിച്ച് പ്രസ്തുത പദ്ധതി എന്നത്തേക്ക് കമ്മിഷൻ ചെയ്യാൻ കഴിയുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ചാത്തൻകോട്ടുനട രണ്ടാംഘട്ടം ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം 2010-ൽ ആരംഭിച്ചുവെങ്കിലും പദ്ധതിക്കാവശ്യമായ സ്വകാര്യഭൂമിയുടെ 32% നിർബന്ധിത അക്വിസിഷൻ വഴി കൈമാറിക്കിട്ടുന്നതിനുണ്ടായ കാലതാമസവും തുടർന്നുള്ള കരാറുകാരുടെ ആസ്തുതണ പിഴവുകളും സാമ്പത്തിക പ്രതിസന്ധിയും തൊഴിലാളി ക്ഷാമവുംമൂലം പദ്ധതിയുടെ പൂർത്തീകരണത്തിന് കാലതാമസം നേരിട്ടുന്നുണ്ട്.

(ബി) ഉണ്ട്. പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാത്തതുകൊണ്ടുള്ള ഉത്പാദന നഷ്ടം യൂണിറ്റിന് 3 രൂപ നിരക്കിൽ ഉദ്ദേശം 17.71 കോടി രൂപയാണ്.

(സി) പ്രസ്തുത പദ്ധതി ആരംഭിച്ചപ്പോൾ ഉള്ള അടങ്കൽ തുക 2009-ലെ വിലനിലവാരം അനുസരിച്ച് 45.36 കോടി രൂപയായിരുന്നു. 2015-ലെ സി.പി.ഡബ്ല്യു.ഡി. നിരക്കനുസരിച്ച് ശേഷിച്ച ജോലികൾ ചെയ്തു തീർക്കുന്നതിന് ഉദ്ദേശം 45 കോടി രൂപ വേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

(ഡി) പദ്ധതിയുടെ നടത്തിപ്പിനുവേണ്ടി ഇപ്പോഴത്തെ കരാർ അവസാനിപ്പിക്കുന്നതിനും ബാക്കിയുള്ള ജോലികൾ പുതുതായി ടെൻഡർ ചെയ്യുന്നതിനുമുള്ള അനുവാദത്തിനായി അപേക്ഷിച്ചുകൊണ്ടുള്ള കത്ത് കെ.എസ്.ഇ.ബി.-യിൽനിന്നും സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ഇ) നിലവിലെ തടസ്സങ്ങൾ ദൂരീകരിച്ച് പുതിയ കരാർ നൽകിക്കഴിഞ്ഞാൽ ഉദ്ദേശം 15 മാസത്തിനകം പദ്ധതി കമ്മിഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

വട്ടോളി കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസ്

51 (436) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊടുവള്ളി നിയോജകമണ്ഡലത്തിൽ കിഴക്കോത്ത് പഞ്ചായത്തിലെ എളേറ്റിൽ വട്ടോളിയിൽ പ്രവൃത്തിക്കുന്ന കെ.എസ്.ഇ.ബി. സബ് എഞ്ചിനീയർ ഓഫീസ്, സെക്ഷൻ ഓഫീസായി ഉയർത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇതിനായി നടപടികൾ സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

നിലവിലുള്ള മാനദണ്ഡപ്രകാരം സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയും, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. കൊടുവള്ളി, താമരശ്ശേരി, ഉണ്ണികുളം, നരിക്കുനി എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് എളേറ്റിൽ വട്ടോളി കേന്ദ്രമായി ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് 2012-ൽ ലഭിച്ച പ്രൊപ്പോസൽ മേൽ പരാമർശിച്ച മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ അനുവദിക്കുന്നതിന് സാധിച്ചില്ല.

വൈദ്യുതി മോഷണം

52 (437) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര യൂണിറ്റ് വൈദ്യുതി മോഷണം കണ്ടെത്തിയിട്ടുണ്ട്; ആയതു പ്രകാരം എത്ര രൂക നാളിതുവരെ പിഴയിനത്തിൽ ഈടാക്കി; വിശദമാക്കുമോ;

(ബി) പ്രസ്തുത കാലയളവിൽ ഇതുമായി ബന്ധപ്പെട്ട് എത്ര വൈദ്യുതി ബോർഡ് ജീവനക്കാർ ഉൾപ്പെടെ കേന്ദ്ര/സംസ്ഥാന/ അർദ്ധസർക്കാർ/ പൊതുമേഖലാ ജീവനക്കാരെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പിടികൂടിയിട്ടുണ്ട്; ഇവരിൽ നിന്നും എത്ര രൂക നാളിതുവരെ പിഴയിനത്തിൽ ഈടാക്കി; ഇവരിൽ ആരുടെയൊക്കെ പേരിൽ നിയമനടപടികൾ കെ.എസ്.ഇ.ബി. സ്വീകരിച്ചു; വ്യക്തമാക്കുമോ;

(സി) ഇതുമായി ബന്ധപ്പെട്ട് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും നാളിതുവരെ പിഴയിനത്തിൽ എത്ര രൂക ഈടാക്കി; എന്തൊക്കെ നിയമ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ;

(ഡി) പ്രസ്തുത കാലയളവിനുള്ളിൽ നാളിതുവരെ കാർഷിക വൈദ്യുതി കണക്ഷൻ മേഖലയിൽ എത്ര വൈദ്യുതി മോഷണക്കേസ്സുകൾ പിടികൂടി; ഇതുമായി ബന്ധപ്പെട്ട് എത്ര കണക്ഷനുകൾ റദ്ദാക്കി; എത്ര രൂക പിഴയിനത്തിൽ ഈടാക്കി; ഇതിൽ ഉൾപ്പെട്ട വൈദ്യുതി ബോർഡ് ജീവനക്കാർ ആരൊക്കെയാണെന്നും അവർക്കെതിരെ ബോർഡ് എന്ത നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ;